(d) if so, what action thereon has been taken by the Government; and

(e) will the Government be pleased to open a Public Health Centre at Athirampuzha shortly ?

Minister for Health (SHRI A. A. RAHIM):

(a) Nil. Two Primary Health Units were opened during this year.

(b) Health Centres are opened only in Community Project areas.

(c) No.

(d) Does not arise in the light of the answer to 'C' above.

(e) Primary Health Centres are placed only in Community Project areas. At present Athirampuzha does not fall within the Project area. Further there is an MCH. Centre there. Hence a Public Health Centre cannot be opened there at present.

റെയിൽവേ ലൈൻകൾ.

* 959. [41] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്ത് എന്തെല്ലാം പുതിയ റെയിൽവേ ലൈൻകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു ;

(ബി) ഈ ഇനത്തിൽ ചാലക്കുടി-പൊള്ളാച്ചിലൈൻ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) തൃശ്ശൂർ-കൊല്ലംകോട് ലൈനിന്റെ കാസ്റ്റ് റിപ്പോർട്ട് എന്തു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) കേന്ദ്രഗവണ്മെന്റിന്റെ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഈ ഗവണ്മെന്റ് താഴെ പറയുന്ന പുതിയ റെയിൽവേലൈൻകൾ സ്തുപാർശ ചെയ്തിട്ടുണ്ട്.

1. Cochin–Madurai *via* Bodinaikannoor
2. Trivandrum–Cape Comorin
3. Tinnevelly-Cape Comorin
4. Trichur-Kollengode–Chittur
5. Kuttipuram-Cranganore *via* Guruvayoor
6. Trichur–Guruvayoor
7. Chord line connecting Quilon-Shencotta line (Punalur) with Quilon-Kottayam line (Mavelikara, Chengannur or Thiruvella)
8. Mavelikara–Alleppey–Ernakulam
9. Ettumanoor (Kottayam–Ernakulam line) Mundakayam.

LIBRARY ARCHIVES Kerala Legislative Assembly

റെയിൽവെ കേന്ദ്രവിഷയമായതുകൊണ്ടു് അതുസംബന്ധിച്ചു തീരുമാനം എടുക്കേണ്ടതു് കേന്ദ്രഗവണ്മെൻറാണു്. ഏതെല്ലാം ലൈനുകൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ചേർത്തിട്ടുണ്ടെന്നു് അറിവു് കിട്ടിയിട്ടില്ല.

(ബി) ചാലക്കുടി–പൊള്ളാച്ചിലൈൻ ഈ ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടില്ല.

(സി) 1948–ലെ എസ്റ്റിമേറ്റ് അനുസരിച്ചു് 2·47 കോടി രൂപയാണു്.

ഉപ്പളങ്ങൾ.

* 960. [43] ശ്രീ. പി. നാരായണൻ പോറ്റി : താഴെ കാണുന്ന ചോദ്യത്തിനു് എക്സൈസ്സു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലുള്ള ഉപ്പളങ്ങളിൽ എത്രയെണ്ണം സ്റ്റേറ്റിൻറെ തെക്കേഅറ്റത്തുള്ള അഞ്ചു താലൂക്കുകളിലായി സ്ഥിതിചെയ്യുന്നു ;

(ബി) മേൽ പറഞ്ഞ ഓരോ താലൂക്കിലും എത്ര വീതം ;

(സി) അവയിൽനിന്നും പ്രതിവർഷമുള്ള മൊത്തം ഉൽപ്പാദനം എത്രയാണു് ;

(ഡി) സ്റ്റേറ്റിലെ ആവശ്യത്തിനു പ്രതിവർഷം എത്ര ഉപ്പു വേണമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര ;

(ഇ) സ്റ്റേറ്റിലെ ആവശ്യംകഴിഞ്ഞു ഉപ്പു വെളിയിലേയ്ക്കു കയറ്റുമതിചെയ്യുന്നുണ്ടെങ്കിൽ എത്ര ; ആവശ്യത്തിനു പുറമെയാതെ വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്നുണ്ടെങ്കിൽ എത്ര ;

(എഫ്) ഇറക്കുമതി ചെയ്യുന്നുണ്ടെങ്കിൽ എവിടെനിന്നെല്ലാം;

(ജി) ഈ ഉപ്പളങ്ങളിലെല്ലാംകൂടി പ്രതിദിനം എത്ര തൊഴിലാളികൾ ജോലിചെയ്യുന്നു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) പതിനാൻപതു് (19) ഉപ്പളങ്ങൾ.

(ബി) പതിനെട്ടു് (18) അളങ്ങൾ അഗസ്തീശ്വരം താലൂക്കിലും ഒരെണ്ണം (1) കൽക്കുളം താലൂക്കിലുമാണു്.

(സി) ഉപ്പളങ്ങൾ സെൻട്രൽ ഗവണ്മെൻറിൻറെ കീഴിലായതിനാൽ ഇപ്പോഴത്തെ ഉൽപ്പാദനം എത്രയെന്നു് അറിവില്ല. 1124–ലെ ഉൽപ്പാദനം (1589395) പതിനഞ്ചുലക്ഷത്തിപ്പതിനായിരത്തിമുന്നൂററുപത്തഞ്ചു് മൺ ഉപ്പായിരുന്നു.

(ഡി) ഉണ്ടു്. (22) ഇരുപത്തിരണ്ടു് ലക്ഷം മൺ.

(ഇ) ഉപ്പു വ്യവസായം സെൻട്രൽ ഗവണ്മെൻറിൻറെ നിയന്ത്രണത്തിലായതിനാൽ കണക്കുകൾ അറിവില്ല.

(എഫ്) മേൽപ്പറഞ്ഞ കാരണത്താൽ ഇതും അറിവില്ല.

(ജി) അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly